# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 298 19/07/2016-ൽ മറുപടിയ്ക്ക്**

**"ഗ്രാമീണ മേഖലയിലെ മത്സ്യ മാർക്കറ്റുകൾ, അറവുശാലകൾ എന്നിവ മൂലമുള്ള പ്രശ്നങ്ങൾ"**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ<br>റ്റി.വി.രാജേഷ്<br>ജോർജ് എം. തോമസ്<br>കെ. കെ. രാമചന്ദ്രൻ നായർ : | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമീണ മേഖലയിലെ മത്സ്യ മാർക്കറ്റുകൾ, അറവുശാലകൾ എന്നിവയിൽ നിന്നുമുള്ള മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിലേക്ക് തള്ളുന്ന അനാരോഗ്യകരമായ പ്രവണത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടിയെന്താണെന്നു വ്യക്തമാക്കാമോ; | (ബി) | ശുചിത്വ മിഷന്റെ നേതൃത്വത്തിൽ പ്രയോഗികവും സാങ്കേതിക മികവുള്ളതും ഉയർന്ന ശേഷിയുള്ളതും പരമാവധി പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കിയുമുള്ളതുമായ മാലിന്യങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന ആധുനിക അറവുശാല സംവിധാനം അതാത് തലങ്ങളിൽ സ്ഥാപിക്കിന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നിയന്ത്രണ, ശിക്ഷാ നടപടികളും ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കും പരിസ്ഥിതി മലിനീകരണത്തിനും ഇടയാക്കുന്ന ഇത്തരം കുറ്റകൃത്യങ്ങൾ, പരാതിപ്പെടുമ്പോൾ മാത്രമാണ് ഗ്രാമ പഞ്ചായത്തുകൾക്ക് നടപടി സ്വീകരിക്കാനാകുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ എന്നും ഇത്തരം സംഭവങ്ങൾ യഥാസമയം നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേക ആരോഗ്യ വിഭാഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നത് തടയുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യവകുപ്പിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട ഒരു ഹെൽത്ത് ഇൻസ്പെക്ടർ നിലവിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേക ആരോഗ്യ വിഭാഗം രൂപീകരിക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ഡി) | ഗ്രാമ പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും മാർക്കറ്റുകളിലെ മാലിന്യ സംസ്ക്കരണം ശാസ്ത്രീയമാക്കു | (ഡി) | ഗ്രാമ പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും മാർക്കറ്റുകളിലെ മാലിന്യ സംസ്ക്കരണം ശാസ്ത്രീയമാക്കുന്നതിനും ശുചിത്വ മിഷൻ മുഖേന |

| | | | |
|---|---|---|---|
| | ന്നതിനും നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ? | | നടപടി സ്വീകരിച്ചുവരുന്നു. മാർക്കറ്റുകളിലെ മാലിന്യ സംസ്ക്കരണം ഉറപ്പിക്കാനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻവേണ്ട ശുചിത്വ മിഷൻ നിന്നും സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**